"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

## സംഗ്രഹം

പരിസ്ഥിതി വകുപ്പ്-കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്-ജൈവവൈവിധ്യ പ്രവർത്തനങ്ങൾക്കായുള്ള സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റിയിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ വൈസ് പ്രസിഡന്റിനെ ഉൾപ്പെടുത്തി ഭേദഗതി വരുത്തി- - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## പരിസ്ഥിതി(എ)വകുപ്പ്

G.O.(Rt)No.31/2020/ENVT തീയതി,തിരുവനന്തപുരം, 06/03/2020

---

പരാമർശം:- 1 സ.ഉ(സാധാ) നം.60/2018/പരി തീയതി 11.5.2018

2 ജൈവവൈവിധ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റിയുടെ 28.10.2019 ലെ 13ാം നമ്പർ തീരുമാനം

3 ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 7.1.2020ലെ 3407/എ8/2014/കെ..എസ്.ബി.ബി നമ്പർ കത്ത്

## ഉത്തരവ്

സംസ്ഥാനത്തെ ജൈവവൈവിധ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള സംസ്ഥാന തല സ്റ്റിയറിംഗ് കമ്മിറ്റി പരാമർശം (1) പ്രകാരം രൂപീകൃതമായി. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 28.10.2019 ൽ ചേർന്ന പ്രസ്തുത കമ്മിറ്റിയുടെ യോഗത്തിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ വൈസ് ചെയർമാനെ ഉൾപ്പെടുത്തുന്നതിനും അതിനായി പരാമർശം(1) ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തുന്നതിനും പരാർശം (2) പ്രകാരം തീരുമാനമെടുത്തു പരാമർശം(3) പ്രകാരം ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി ഇക്കാര്യം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ ജൈവവൈവിധ്യ പരിപാലനം/സംരക്ഷണം,പുനരുജ്ജീവനം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായുള്ള സ്റ്റിയറിംഗ് കമ്മിറ്റി യിലെ പതിനൊന്നാമത് അംഗമായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ വൈസ് പ്രസിഡന്റെനെ ഉൾപ്പെടുത്തി പരാമർശം(1) ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VALSA.V

ADDITIONAL SECRETARY

പകർപ്പ്

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, തിരുവനന്തപുരം

വൈസ് പ്രസിഡന്റ്, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരളം,തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ്& ന്യൂ മീഡിയ)വകുപ്പ്(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ